പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1718** **11.02.2013 ൽ മറുപടിയ്ക്ക്**

**വരൾച്ച നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ ആവിഷ്കരിച്ച പദ്ധതികൾ**

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

ഈ വരുന്ന വേനൽക്കാലത്തെ വരൾച്ച കാർഷികമേഖലയെ ബാധിക്കുന്നത് തടയുന്നതിനായി കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

**മറുപടി**

ശ്രീ.കെ.പി.മോഹനൻ

(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

വരുന്ന വേനൽക്കാലത്തെ വരൾച്ച കാർഷിക മേഖലയെ ബാധിക്കുന്നത് തടയുന്നതിനായി കൃഷിയിടങ്ങളിൽ പുതയിടുന്നതിനും നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

കൂടാതെ, കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും ഉൾപ്പെടുന്ന കമ്മിറ്റി 7.01.13 ൽ കൃഷി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുകയും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

**ഹ്രസ്വകാല നടപടികൾ**

1. നശിച്ച കൃഷി പുനരുദ്ധരിക്കാൻ വീണ്ടും വിതയ്ക്കുന്നതിന് വിത്ത് സംഭരിച്ച് വയ്ക്കാം.
2. വിളയുടെ വളർച്ചയുടെ നിർണ്ണായകഘട്ടങ്ങളിൽ മാത്രം (ജലം ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയത്ത്) ജലസേചനം നടത്താം.
3. കുട്ടനാട് പോലുള്ള മേഖലകളിൽ മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിന് കുമ്മായം ചേർത്തു കൊടുക്കാവുന്നതാണ്.
4. വിള പൂർണ്ണമായും നശിക്കുന്നതിന് മുമ്പ് ജലത്തിന്റെ ലഭ്യതയനുസരിച്ച് വീണ്ടും വിതയ്ക്കുകയോ പുതിയ വിള നടുകയോ ചെയ്യാം.
5. മൂപ്പ് കുറഞ്ഞ നെൽവിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി നടപ്പിലാക്കാം.
6. തെങ്ങിൻ തോട്ടങ്ങളിലും കവുങ്ങിൻതോട്ടങ്ങ

ളിവും ഈർപ്പസംരക്ഷണത്തിന് പുതയിടീൽ (ഓർഗാനിക് മൾച്ചിംഗ്), തൊണ്ട് മണ്ണിനടിയിലാക്കൽ എന്നിവ നടത്താവുന്നതാണ്.

**<u>ദീർഘകാലനടപടികൾ</u>**

1. വരൾച്ചയെ ചെറുത്തുനിൽക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും ഓരോ പ്രദേശത്തും അനുയോജ്യമായ ഇനങ്ങളെ കണ്ടെത്തുകയും ചെയ്യുക.
2. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പുതിയ ടെക്നോളജികൾ ആവിഷ്കരിക്കുക.
3. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ, മഴക്കുഴികൾ എന്നിവ നിർമ്മിക്കുക.
4. തുള്ളി ജലസേചനം (ഡ്രിപ്പ് ഇറിഗേഷൻ) നടപ്പിലാക്കുക.
5. തണ്ണീർത്തടങ്ങളെ നാശോന്മുഖമാകാതെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
6. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിക്ക് വേണ്ടത്ര പ്രചാരണം നല്കുക.
7. നെൽകൃഷിയിൽ എസ്.ആർ.ഐ ടെക്നിക് (ഒറ്റഞാർ നെൽകൃഷി) പ്രോത്സാഹിപ്പിക്കുക.
8. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

**സെക്ഷൻ ഓഫീസർ**